SUNDAY 27/07/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS  Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/07/2025

1. കൃഷിവകുപ്പ് ഫാം ഇൻഫർമേഷൻബ്യൂറോ 2025 – 26 വർഷത്തിൽ **കൃഷിസമൃദ്ധിയിൽ എന്റെ കേരളം** എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കൃഷി മൃഗസംരക്ഷണം ക്ഷീരവികസന മേഖലകളിലെ ജീവന്റെതുടിപ്പുള്ള ഹൃദയസ്പർശിയായ ഡിജിറ്റൽ ചിത്രങ്ങളാണ് അയക്കേണ്ടത്.

ഒന്നാം സമ്മാനം 25000 രൂപ

രണ്ടാം സമ്മാനം 15000/-രൂപ

മൂന്നാം സമ്മാനം 10000/-രൂപ

പ്രോത്സാഹന സമ്മാനം 2000/- രൂപ വീതം 10 പേർക്ക്

എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം 695003 എന്ന വിലാസത്തിൽ പെൻഡ്രൈവ് മുഖേനയോ, fibtvmphotography@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ 2025 ആഗസ്റ്റ് 15 ന് മുൻപ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8078095860, 9383470289 എന്നീ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

2. തേങ്ങയിൽ നിന്നു മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്ന സംരംഭങ്ങൾക്ക 3 കോടി രൂപ വരെ സബ്സിഡി നൽകാൻ ദേശീയ നാളികേര

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വികസന ബോർഡ് തീരുമാനിച്ചു. ചെലവിന്റെ 25% അല്ലെങ്കിൽ 50 ലക്ഷം രൂപ വരെ ഉണ്ടായിരുന്ന സബ്സിഡിയാണു പരമാവധി 3 കോടി രൂപയാക്കി വർധിപ്പിച്ചത്. നാളികേര ടെക്നോളജി മിഷനു കീഴിൽ തേങ്ങാപ്പാൽ, വെർജിൻ വെളിച്ചെണ്ണ, ഉൾതേങ്ങ, പാക്ക് ചെയ്ത ഇളനീർ, നാളികേരപ്പൊടി, ചിരട്ടക്കരിയിൽ നിന്നുള്ള ആക്ടിവേറ്റഡ് (ഉത്തേജിത) കാർബൺ തുടങ്ങിയവ നിർമിക്കുന്ന സംരംഭങ്ങളുടെ പ്ലാന്റ്, യന്ത്രഭാഗങ്ങൾ, അനുബന്ധ ഘടകങ്ങൾ എന്നിവയുടെ ചെലവിനാണു സബ്സിഡി. തോപ്പുകളിലെ കീടരോഗ നിയന്ത്രണം, തേങ്ങയുടെ സംസ്കരണം, മൂല്യവർധന എന്നിവയ്ക്കുള്ള ഗവേഷണത്തിന് 50 ലക്ഷം മുതൽ ഒരു കോടി രൂപ വരെ സാമ്പത്തികസഹായം അനുവദിക്കും. കർഷകർക്കു കരിക്കു പാർലർ തുടങ്ങാനും ഉണ്ടക്കൊപ്ര, മില്ലിങ് കൊപ്ര, കരിക്ക് സംസ്കരണം എന്നിവയ്ക്കു സൗകര്യ മൊരുക്കാനും കർഷക കൂട്ടായ്മ കൾക്കും (എഫ്പിഒ) വ്യക്തികൾക്കും സംഘങ്ങൾക്കും കൊപ്ര തരംതിരിക്കൽ, ഗ്രേഡിങ്, ഉണക്കൽ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കാനും മൊത്തം ചെലവിന്റെ 50% അല്ലെങ്കിൽ പരമാവധി 3 ലക്ഷം രൂപ സബ്സിഡി കിട്ടും. മൂല്യ വർധിത ഉൽപന്നങ്ങൾ വിൽക്കുന്ന കിയോസ്കുകൾക്കു റീഇംബേഴ്സ്മെന്റ് രീതിയിൽ സബ്സിഡി കിട്ടും. ഫോൺ: 0484 2377266, 2376553.

3. സംസ്ഥാന ഫിഷറീസ് വകുപ്പിന് കീഴിലെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെന് (സാഫ്) മുഖേന തീരമൈത്രി പദ്ധതിയുടെ ഭാഗമായി സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ മത്സ്യത്തൊഴിലാളി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വനിതകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോം ജില്ലാ സാഫ് നോഡൽ ഓഫീസ്, സാഫ് വെബ്സൈറ്റ്, ഫിഷറീസ് വകുപ്പ് വെബ്സൈറ്റ് എന്നിവയിൽ ലഭിക്കും. ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ നിരക്കിൽ അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പിന് പരമാവധി അഞ്ച് ലക്ഷം രൂപ വരെയാണ് ഗ്രാന്റ് ലഭിക്കുക. അപേക്ഷകർ മത്സ്യ ഗ്രാമങ്ങളിലെ സ്ഥിരതാമസക്കാരോ മത്സ്യത്തൊഴിലാളിയുടെ ആശ്രിതരോ പരമ്പരാഗതമായി മത്സ്യക്കച്ചവടം നടത്തുന്നവരോ ആയ 20നും 50നും ഇടയിൽ പ്രായമുള്ളവരാകണം. ജൂലൈ 30ന് വൈകിട്ട് അഞ്ച് വരെ സാഫ് നോഡൽ ഓഫീസിലും അതത് മത്സ്യഭവനുകളിലും അപേക്ഷ സ്വീകരിക്കും. സാഫിൽനിന്ന് നേരത്തെ ധനസഹായം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല. ഫോൺ: 8943164472, 9946212231, 7094747427.

**<u>പരിശീലന പരിപാടി</u>**

1. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, എന്റർപ്രണർഷിപ്പ് ആന്റ് മാനേജ്മെന്റ്, തഞ്ചാവൂർ, കൃഷിയിടം മുതൽ ഫോർക്ക് വരെയുള്ള ജൈവ ഉൽപ്പന്നങ്ങളുടെ പാക്കേജിംഗ്, സംഭരണം, മൂല്യവർദ്ധനവ് എന്ന വിഷയത്തിൽ ഓഗസ്റ്റ് 19, 20 തീയതികളിൽ രണ്ടു ദിവസത്തെ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക്: https://niftem-t.ac.in/orgpack.php എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

2. ഐ സി എ ആർ  കൃഷി വിജ്ഞാനകേന്ദ്രം മിത്രനികേതൻ **തേനീച്ച കൃഷിയുടെ ദീർഘകാല പരിശീലനം** സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് തേനീച്ച പരിപാലനം എന്ന വിഷയത്തിൽ ദീർഘകാല പരിശീലനകോഴ്സ് ആരംഭിക്കുന്നു. താല്പര്യമുള്ളവർ 2025 ജൂലൈ 31 ന് വൈകിട്ട് 5 മണിക്ക് മുൻപായി 9446911451 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. വാട്സ്ആപ്പ് സന്ദേശത്തിൽ കൂടിയും രജിസ്റ്റർ ചെയ്യാവുന്നതുമാണ് . പ്രാരംഭ ക്ലാസ്സ് 2025 ഓഗസ്റ്റ് മാസം 1 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് നടത്തുന്നതാണ്.

3. റബ്ബർബോർഡ് റബ്ബറുത്പന്നനിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ആഗസ്റ്റ് 06-ന് കോഴ്സ് ആരംഭിക്കും. റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമോ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം